LIBRARY ARCHIVES Kerala Legislative Assembly

പുനരധിവാസ പദ്ധതി തയ്യാറാക്കുന്നതിനും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സംവിധാനം വഴി ഇടപെടുന്നതിനുമായി നേർവഴി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

II. ജയിലിൽ കിടക്കുന്നവരുടെ ആശ്രിതരെ പുനരധിവസിപ്പിക്കുന്നതിനായി നിലവിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 5 വർഷമോ, അതിൽ കൂടുതലോ കാലം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിഞ്ഞുവരുന്ന വ്യക്തികളുടെ ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണയായി 15,000 രൂപ ധനസഹായം നൽകുന്ന പദ്ധതി. ഒരു കുടുംബത്തിൽ ഒരാളെ മാത്രമേ ധനസഹായത്തിന് പരിഗണിക്കുകയുള്ളൂ. കുറ്റവാളികളുടെ ആശ്രിതരെന്ന നിലയിൽ ഭാര്യ/ഭർത്താവ്, തൊഴിൽ രഹിതരും, അവിവാഹിതരുമായ മകൻ/മകൾ എന്നിവർക്കാണ് പ്രസ്തുത ധനസഹായം അനുവദിക്കുന്നത്. കുറ്റകൃത്യങ്ങളെ അതിജീവിച്ച വരെപ്പോലെ ഇവരും കുറ്റം ചെയ്യാത്തവരല്ലാത്തതു കൊണ്ടുതന്നെ ഇവരുടെ വിഷയത്തിലും സമഗ്രമായ സാമൂഹ്യ മനഃശാസ്ത്ര പുനരധിവാസം നടപ്പാക്കുന്നത് പരിഗണനയിലാണ്.

III. തടവു കഴിഞ്ഞിറങ്ങുന്നവരുടെ പുനരധിവാസത്തിനായി ഒരു സ്വയം തൊഴിൽ ധനസഹായ പദ്ധതി മുൻ കുറ്റവാളികളുടെ സാമൂഹിക പുനരധിവാസത്തിന്റെ ഭാഗമായി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഒറ്റത്തവണയായി 15,000 രൂപ ധനസഹായം നല്കുന്ന പദ്ധതി. ചെയ്ത കുറ്റത്തിനുള്ള ശിക്ഷ അനുഭവിച്ചു കഴിഞ്ഞാലും ഇവർ അനുഭവിക്കുന്ന സാമൂഹ്യ അയിത്തം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് നേർവഴി പദ്ധതി ശക്തിപ്പെടുത്തുന്നതുകൊണ്ട് സാധിക്കും.

**കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ ജീവനക്കാർ**

131 (4856) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന വിവരം സ്ഥിരം/താൽക്കാലികം എന്ന തരത്തിൽ വിശദമാക്കാമോ?

കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ അനുവദിക്കപ്പെട്ട 4 തസ്തികകളിൽ (ഡെപ്യൂട്ടേഷൻ) ഒഴികെ 96 താൽക്കാലിക ജീവനക്കാരാണ് നിലവിലുള്ളത്. നാല് ഡെപ്യൂട്ടേഷൻ തസ്തികകളിൽ ഇപ്പോൾ 3 പേർ ജോലി ചെയ്തുവരുന്നു.

(ബി) പ്രസ്തുത കോർപ്പറേഷനിൽ കരാർ വ്യവസ്ഥയിൽ ജോലി നോക്കുന്ന വരിൽ ഒന്നിലേറെ തവണ കരാർ പുതുക്കി നിയമനം ലഭിച്ചവരുണ്ടോ; എങ്കിൽ അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ?

നിയമിക്കപ്പെടുന്ന ജീവനക്കാരുമായി കരാർ ഒപ്പുവെക്കാറില്ല. ആയതിനാൽ കരാർ പുതുക്കി നിയമനം നൽകാറില്ല. എന്നാൽ ആവശ്യത്തിനനുസരിച്ച് വീണ്ടും നിയമനം നൽകാറാണുള്ളത്. ഇപ്രകാരം നിയമിക്കപ്പെട്ട 93 ജീവനക്കാരുടെ പേര് വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. 3 പേർ ആദ്യ നിയമന കാലാവധി പൂർത്തിയാക്കിയിട്ടില്ല.

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർ ഏതൊക്കെ വകുപ്പിലെ ജീവനക്കാരാണെന്നും അവരുടെ തസ്തിക ഏതാണെന്നും അവർ ഏത് കാലയളവിലാണ് ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചതെന്നും വ്യക്തമാക്കുമോ?

ആഭ്യന്തര വകുപ്പിൽനിന്നും ഐ.പി.എസ്. കേഡറിലുള്ള ഉയർന്ന ഉദ്യോഗ സ്ഥരെയാണ് മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിയമിക്കാറുള്ളത്. എ.പി. ബറ്റാലിയൻ ഡി.ഐ.ജി.യാണ് 8-1-2021 മുതൽ മാനേജിംഗ് ഡയറക്ടറുടെ ചുമതല നിർവ്വഹിച്ചുവരുന്നത്. ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് ഫിനാൻസ് മാനേജർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴി കെ.പി.എച്ച്.സി.സി.-യിൽ നിയമിച്ചുവരുന്നത്. നിലവിലുള്ള ഫിനാൻസ് മാനേജർ 5-7-2020 മുതൽ ജോലി ചെയ്തുവരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി നിയമിക്കപ്പെട്ടയാൾ 5-9-2020 മുതൽ കെ.പി.എച്ച്.സി.സി.-യിൽ ജോലി ചെയ്തുവരുന്നു.

(ഡി) കരാർ നിയമനം നടത്തുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണ്; പ്രസ്തുത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിൽ നിന്നുള്ള ഗ്രാന്റോ മറ്റു സാമ്പത്തിക സഹായങ്ങളോ കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങളിൽനിന്നും സൂപ്പർവിഷൻ ചാർജ്ജിനത്തിൽ ലഭ്യമാകുന്ന നാമ മാത്രമായ തുകകൊണ്ടാണ് ഈ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ തസ്തികകളിലെ കരാർ ജീവനക്കാർക്ക് നിഷ്കർഷിച്ച വേതനംപോലും നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ അംഗീകൃത തസ്തികകൾ സൃഷ്ടിക്കുന്നതോ 179 ദിവസത്തേയ്ക്ക് മാത്രമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതോ പ്രായോഗികമല്ല. ആയതിനാൽ എംപ്ലോയ്മെന്റ് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടില്ല. കെ.പി.എച്ച്.സി.സി-യിൽ കരാർ നിയമനം നടത്തുന്നതിലേയ്ക്കായി വെബ്സൈറ്റ് മുഖേനയും പത്രപരസ്യം മുഖേനയും ആവശ്യമായ തസ്തികകളിൽ എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തികച്ചും സുതാര്യമായ രീതിയിലാണ് നിയമനം നടത്തുന്നത്. നിയമന കാലാവധിയായ 145 ദിവസം തീരുന്ന മുറയ്ക്ക് പിരിച്ചുവിടുകയും ആവശ്യമെങ്കിൽ അവരുടെ പ്രായോഗിക പരിജ്ഞാനം കണക്കിലെടുത്ത് വീണ്ടും നിയമനം നൽകുകയുമാണ് ചെയ്തുവരുന്നത്.

**സൈബർ-സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി**

132 (4857) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

ഇ-കോമേഴ്സ് സജീവമായതോടെ ഓൺലൈൻ വ്യാപാരത്തിലെ കുറ്റകൃത്യങ്ങൾ, എ.ടി.എം. തട്ടിപ്പ്, സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള തട്ടിപ്പ്, ഓഹരി കമ്പോളത്തിലെ കബളിപ്പിക്കൽ എന്നിവ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ, സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പരിശീലനം നേടിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഓൺലൈൻ തട്ടിപ്പുകളടക്കമുള്ള സൈബർ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. ഈ പോലീസ് സ്റ്റേഷനുകളിൽ സൈബർ കേസുകളുടെ കുറ്റാന്വേഷണത്തിന് പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. നിർമ്മിതബുദ്ധി സാങ്കേതികവിദ്യ കുറ്റാന്വേഷണത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly